## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1024 — 02.12.2015 ൽ മറുപടിയ്ക്ക്

## പിന്നോക്ക വികസന കോർപ്പറേഷൻ എസ്. എൻ. ഡി.പി യോഗത്തിന് നല്കിയ മൈക്രോ ക്രെഡിറ്റ് വായ്പ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)** | | **ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| എ) | കേരള പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും എസ്. എൻ. ഡി. പി. യോഗത്തിന് ഇതേവരെയായി മൈക്രോ ക്രെഡിറ്റ് വായ്പയിനത്തിൽ എത്ര കോടി രൂപ നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | ഇതുവരെയായി 15.89 കോടി രൂപ വായ്പ നല്കിയിട്ടുണ്ട്. |
| ബി) | വായ്പാതുക, നല്കിയ തീയതി, വായ്പാ നമ്പർ, എന്നിവ ഓരോ വർഷവും എത്രയെന്ന് പ്രത്യേകം ലഭ്യമാക്കുമോ; | ബി) | (പട്ടിക താഴെ) |

| ക്രമ നമ്പർ | വായ്പാ നല്കിയ തീയതി | വായ്പാ നമ്പർ | വായ്പാ തുക |
|---|---|---|---|
| 1 | 31-03-2003 | 20103433 | 5000000 |
| 2 | 10-06-2004 | 20104635 | 5000000 |
| 3 | 20-11-2004 | 20105040 | 10000000 |
| 4 | 25-06-2005 | 20105689 | 10000000 |
| 5 | 31-03-2006 | 20106372 | 17500000 |
| 6 | 27-03-2008 | 20108896 | 20000000 |
| 7 | 25-08-2009 | 20110805 | 41000000 |
| 8 | 19-06- | 20116 | 50000000 |

| | | | |
|---|---|---|---|
| | | | 2014 300<br>ആകെ 158500000 |
| സി) | എസ്. എൻ. ഡി. പി. യോഗത്തിന് വേണ്ടി വായ്പാ കരാറിൽ ഒപ്പുവെച്ചതാരാണെന്നും ഇതുസംബന്ധിച്ച നിബന്ധയും, വായ്പയുടെ മാനദണ്ഡവും എന്തെല്ലാമാണെന്നും വിശദമാക്കുമോ? | സി) | ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശനാണ് വായ്പാ കരാറിൽ ഒപ്പു വച്ചിട്ടുള്ളത്. വായ്പ സംബന്ധിച്ച നിലവിലുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.<br>1. NGO കൾക്ക് ലഭിക്കുന്ന വായ്പ അയൽക്കൂട്ടങ്ങൾ വഴി അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 5 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്യാവുന്നതാണ്.<br>2. അയൽക്കൂട്ടങ്ങളിലെ അംഗ സംഖ്യ 20-ൽ കൂടാൻ പാടുള്ളതല്ല.<br>3. NBCFDC മൈക്രോ ക്രെഡിറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75% അംഗങ്ങളും മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം.<br>4. കുടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 81,000/- രൂപയിൽ താഴെയും, നഗരപ്രദേശങ്ങളിൽ 1,03,000/- രൂപയിൽ താഴെയുമുള്ള വ്യക്തികൾക്ക് മാത്രമേ വായ്പ അനുവദിക്കാനാവുകയുള്ളൂ.<br>5. വരുമാനദായകമായ ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിന്/ നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിന് വായ്പാ തുക വിനിയോഗിക്കേണ്ടതാണ്.<br>6. ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ 25,000/- രൂപ. |

**സെക്ഷൻ ഓഫീസർ**